(ബി) എറണാകുളം ജില്ലയിൽപ്പെട്ട വെണ്ണല പഞ്ചായത്തിന്റെ 29-4-1959-ലെ യോഗം ടി പഞ്ചായത്തിലെ മെമ്പർ മി. ഗോപാലനെ ദേഹോപദ്രവമേല്പിക്കാൻ ചിലർ മുതിർന്നതായി ഒരു പ്രമേയം പാസ്സാക്കിയതു് ഗവണ്മെന്റിനു് അയച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല.
(ബി) ഗവണ്മെന്റിനു കിട്ടിയിട്ടില്ല.
(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ടി. ചാക്കോ : എം. എൽ. എ. മാരോ, പഞ്ചായത്തു മെമ്പർമാരോ ദേഹോപദ്രവം ഏല്പിക്കപ്പെട്ടതായി പരാതികളൊന്നും കിട്ടിയിട്ടില്ല എന്നാണോ പറഞ്ഞതു് ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ ലഭിക്കുന്ന പരാതികൾക്കു് പ്രത്യേക പരിഗണനകൊടുക്കുന്നില്ലെന്നാണു് പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : ഏതെങ്കിലും എം. എൽ. എ. യെ-ഉപദ്രവം ഏല്പിച്ചതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പഞ്ചായത്തുകളിൽ നിന്നു ലഭിക്കുന്ന പരാതികളെപ്പറ്റിയാണു് ചോദിച്ചിരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ : ശ്രീ. വി. ആർ. കൃഷ്ണയ്യരെ ഉപദ്രവം ഏല്പിച്ചതായി വല്ല പരാതിയും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ? അദ്ദേഹം ഒരു എം. എൽ. എ. അല്ലേ ?

ശ്രീ. സി. അച്യുതമേനോൻ : പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന പരാതികൾക്കു പ്രത്യേക പരിഗണനകൊടുക്കാറുണ്ടോ എന്നുള്ളതാണു ചോദ്യം.

മെഡിക്കൽ രജിസ്ട്രേഷൻ.

*1427. [8] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ രജിസ്ട്രേഷനുവേണ്ടി വൈദ്യന്മാരിൽനിന്നു് അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ ;

(ബി) ആകെ എത്ര പേർ അപേക്ഷിച്ചിരുന്നു ;

(സി) ആകെ എത്ര പേർ ആയുർവ്വേദ രജിസ്ട്രേഷനു വേണ്ടി അപേക്ഷകൾ അയച്ചിരുന്നു ;

(ഡി) അപേക്ഷകൾ അയയ്ക്കുവാൻ വൈദ്യന്മാർക്കുള്ള യോഗ്യതകൾ എന്തെല്ലാമാണു് ;

(ഇ) അപേക്ഷകൾ അയയ്ക്കുവാൻ വൈദ്യന്മാർക്കുള്ള യോഗ്യത സർട്ടിഫൈ ചെയ്തുകൊടുക്കാൻ ആർക്കാണു് അധികാരം ;

(എഫ്) ഇപ്രകാരം സർട്ടിഫൈ ചെയ്തു് അപേക്ഷകൾ അയച്ചിട്ടുള്ള വൈദ്യന്മാരെ മെഡിക്കൽ കമ്മീഷനിൽ നിന്നു് ഇൻറർവ്യൂവിനു വിളിച്ചിരുന്നുവോ ;

(ജി) ആകെ അപേക്ഷകരിൽ എത്ര ശതമാനം പേരെ ഇൻറർവ്യൂവിനു വിളിച്ചിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇൻറർവ്യൂ നടത്തുന്ന കമ്മിറ്റിക്കാരിൽ ചിലരെ സംബന്ധിച്ച് ആയുർവ്വേദ വൈദ്യന്മാരിൽ നിന്നോ ആയുർവ്വേദ സംഘടനകളിൽ നിന്നോ ഗവണ്മെൻറിനു് ആക്ഷേപം ലഭിച്ചിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ ഏ. ആർ. മേനോൻ) :

(എ) ഉണ്ടു്.

ബി) 3,194 പേർ.

(സി) 3,057 പേർ.

(ഡി) തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ. 'സി ക്ലാസ്സ്' രജിസ്ട്രേഷനു 1-4-1953-നു മുമ്പു് അപേക്ഷിച്ചിട്ടുള്ളവർക്കു് 5 കൊല്ലത്തെ പ്രാക്ടീസുണ്ടായിരിക്കേണ്ടതാണു്.

(ഇ) സ്ഥലം തഹശീൽദാരാണു് സർട്ടിഫിക്കറ്റു് കൊടുക്കുന്നതു്.

(എഫ്) വിളിച്ചിരുന്നു.

(ജി) എല്ലാവരേയും വിളിച്ചിരുന്നു.

(എച്ച്) ഉണ്ടു്.

(ഐ) അതു് അന്വേഷണത്തിലിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: പരമ്പരയാ വൈദ്യന്മാരായിട്ടുള്ള ആളുകളെ ഇതിൽ ഉൾപ്പെടുത്തി അവർക്കു രജിസ്ട്രേഷൻ അനുവദിച്ചുണ്ടോ ?

ഡാക്ടർ ഏ. ആർ. മേനോൻ : അവർക്കും രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. സി. ഏ. മാത്യു : ഗവണ്മെൻറിനു ലഭിച്ചിട്ടുള്ള പരാതികളുടെ സ്വഭാവമെന്താണു് ?

ഡാക്ടർ ഏ. ആർ. മേനോൻ : രജിസ്ട്രേഷനു അപേക്ഷിച്ചിട്ടു വളരെക്കാലമായിട്ടും രജിസ്ട്രേഷൻ കിട്ടിയിട്ടില്ല എന്നുള്ളതാണു് പ്രധാനമായ പരാതി. അഞ്ചുകൊല്ലത്തെ പ്രാക്ടീസു് ഉണ്ടെന്നുള്ള കാര്യത്തിൽ സ്ഥലത്തെ തഹശീൽദാരുടെ രേ സർട്ടിഫിക്കറ്റു കിട്ടേണ്ടതുണ്ടു്. അങ്ങനെ സർട്ടിഫിക്കറ്റു കിട്ടുന്നതിനു പ്രയാസം നേരിടുന്നുണ്ടെന്നുള്ളതാണു് മറ്റൊരു പരാതി. അഞ്ചുകൊല്ലമായി രജിസ്ട്രേഷനു അപേക്ഷിച്ചിട്ടും ഇന്നും രജിസ്ട്രേഷൻ കിട്ടാത്ത ആളുകളുണ്ടു്. ഇക്കാര്യത്തിൽ എങ്ങനെയാണു് നടപടിയെടുക്കേണ്ടതെന്നു് ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ : രജിസ്ട്രേഷൻ കഴിഞ്ഞ ആളുകളിൽ നിന്നു് ഗ്രാൻറു വൈദ്യന്മാരെ എടുക്കുകയാണോ, ഗ്രാൻറു വൈദ്യന്മാർക്കു രജിസ്ട്രേഷൻ കൊടുക്കുകയാണോ ചെയ്യുന്നതു് ?

ഡാക്ടർ ഏ. ആർ. മേനോൻ : സാധാരണ രജിസ്ട്രേഷൻ കഴിഞ്ഞിട്ടുള്ളവരിൽ നിന്നാണു ഗ്രാൻറു വൈദ്യന്മാരെ എടുക്കുന്നതു്. അതില്ലെങ്കിൽ അഞ്ചുകൊല്ലം പ്രാക്ടീസുള്ള വൈദ്യന്മാരെയും ഗ്രാൻറു വൈദ്യന്മാരായി എടുക്കും.

ശ്രീ. പി. ടി. ചാക്കോ : രജിസ്ട്രേഷൻ കഴിഞ്ഞ എല്ലാ വൈദ്യന്മാർക്കും ഗ്രാൻറു കൊടുക്കാറുണ്ടോ ?

ഡാക്ടർ ഏ. ആർ. മേനോൻ : എല്ലാവർക്കും കൊടുക്കുന്നുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : മലബാർ ഭാഗത്തും, തിരുവിതാംകൂർ-കൊച്ചിയിലും വ്യത്യസ്തമായ രീതിയിലാണോ ഗ്രാൻറു കൊടുക്കുന്നതെന്നു് രജിസ്ട്രേഷൻ കിട്ടിയിട്ടുള്ള വൈദ്യന്മാരിൽ നിന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

Mr Speaker : Order, order, That is a different question. This is a question concerning registration and not grant.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇൻഷ്വറൻസിനു ക്ഷണിച്ചതനുസരിച്ച് ആളുകൾ വന്നപ്പോൾ യോഗ്യതയുള്ളവരെന്നും പറഞ്ഞു ചില ആളുകളെ പ്രത്യേകം ഇൻഷ്വർ ചെയ്തതിൽ പ്രതിഷേധിച്ചു കുറെ ആളുകൾ ഇൻഷ്വർ ബഹിഷ്കരിച്ചു പോയതായി അറിയാമോ ?

ഡോക്ടർ. എ. ആർ. മേനോൻ : അതുണ്ടായിരിക്കാം. അതൊരു സ്റ്റാറ്റ്യൂട്ടറിബോഡിയാണ്. അവക്ക് നിയമപ്രകാരം പല അധികാരങ്ങളും ഉണ്ട്. അതെങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്നു ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇൻഷ്വറൻസിൽ ഉണ്ടായ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുമോ ?

ഡോക്ടർ. എ. ആർ. മേനോൻ: അന്വേഷിക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : വിഷ വൈദ്യന്മാർക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : 70_80_തോളം വിഷ വൈദ്യന്മാർക്ക് ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ബസ്സ് സർവ്വീസ് നടത്തുന്ന റൂട്ടുകളിലെ റോഡുകൾ.

* 1428. [9] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ബസ്സ് സർവ്വീസ് നടത്തുന്ന റൂട്ടുകളിലെ റോഡുകൾ മറ്റു റോഡുകളെ അപേക്ഷിച്ചു കൂടുതൽ സംരക്ഷിക്കുന്നതിനു് ആ ഡിപ്പാർട്ടുമെൻറിൽനിന്നും പ്രത്യേകമായി തുക നീക്കിവയ്ക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് കൊല്ലംതോറും ശരാശരി എത്ര തുക നീക്കിവയ്ക്കുന്നു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ് :)

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : ഗവണ്മെൻറിനു് ലാഭമുണ്ടാക്കുന്ന ഈ ഡിപ്പാർട്ടുമെൻറുവക ബസ്സുകളും ഓടുന്ന റോഡുകളും മോശമായി കിടക്കുന്നതുകൊണ്ട് ഗവണ്മെൻറിനു് അങ്ങനെ നഷ്ടമുണ്ടാകുന്നതായി അറിയാമോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : ബസ്സുകളും ഓടുന്ന റോഡുകൾക്കു പ്രാധാന്യം കൊടുത്തു് റിപ്പയർ ചെയ്യാറുണ്ട്.

പത്തു ഉപദേശക സമിതി.

* 1429. [10] ശ്രീ. പി. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സ്റ്റോറിൽ ഒരു പത്തു ഉപദേശകസമിതി രൂപീകരിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

(ബി) ഈ സമിതിയുടെ ഘടനയും അധികാരങ്ങളും എന്തായിരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly